## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 245.

02.04.2013 ൽ മറുപടിക്ക്

**റേഷൻ വിതരണത്തിന് ലഭിക്കുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ നടപടി**

**ചോദ്യം**

ശ്രീ റ്റി.യു. കുരുവിള:
„ സി.എഫ്. തോമസ്:
„ മോൻസ് ജോസഫ്:
„ തോമസ് ഉണ്ണിയാടൻ:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് റേഷൻ വിതരണത്തിന് ലഭിക്കുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് എഫ്.സി.ഐ വഴി ലഭിക്കുന്ന അരിയും ഗോതമ്പും സപ്ലൈകോ വഴി ലഭിക്കുന്ന കുത്തരിയുമാണ് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നത്. എഫ്.സി.ഐ.യിലെയും സപ്ലൈകോയിലെയും ഗുണനിലവാര പരിശോധകരാണ് ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിച്ചുവരുന്നത്. ടി സ്ഥാപനങ്ങൾക്ക് ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കാൻ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുണ്ട്. ഗുണനിലവാരം പരിശോധിച്ച് ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തിയ സാധനങ്ങൾ മാത്രമാണ് വിതരണത്തിന് തയ്യാറാക്കുന്നത്.

ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രമേ ലോഡ് വിട്ടെടുക്കാവൂ എന്ന കർശന നിർദ്ദേശം എല്ലാ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നല്കിയിട്ടുണ്ട്. എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങളുടെ ലോട്ട് നിശ്ചയിക്കുന്നത് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാരാണ്.

| | | | |
|---|---|---|---|
| | | | റേഷൻ മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളിൽ വിതരണത്തിനെത്തുന്ന ഭക്ഷ്യധാന്യങ്ങൾ കേടുവന്നതാണെങ്കിൽ വിതരണം ചെയ്യരുതെന്ന് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | മറ്റു സംസ്ഥാനങ്ങളിൽ ലഭിക്കുന്ന ഭക്ഷ്യസാധനങ്ങളുടെയും കേരളത്തിൽ ലഭിക്കുന്ന ഭക്ഷ്യസാധനങ്ങളുടെയും ഗുണമേന്മകൾ തമ്മിൽ താരതമ്യപഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ